# 052/23-M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

ഉദ്യോഗാർത്ഥിയുടെ ക്രമനമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. 1856-ലെ വിധവാ വിവാഹനിയമത്തിന് കാരണമായത് പ്രധാനമായും ആരുടെ സാമൂഹ്യപരിഷ്കരണ പ്രവർത്തനമായിരുന്നു ?
   A) രാജാറാം മോഹൻ റോയ്
   B) ഈശ്വരചന്ദ്ര വിദ്യാസാഗർ
   C) സ്വാമി വിവേകാനന്ദൻ
   D) ജ്യോതി ബഭൂലെ

2. യംഗ് ഇന്ത്യ എന്ന പത്രം ആരുടെ നേതൃത്വത്തിലാണ് പ്രസിദ്ധീകരിച്ചിരുന്നത് ?
   A) ആനീബസന്റ്
   B) ബാലഗംഗാധര തിലക്
   C) മഹാത്മാഗാന്ധി
   D) ലാലാലജപത് റായി

3. ഫ്രഞ്ച് വിപ്ലവത്തിൽ തകർന്നു പോയ രാജവംശം ഏതായിരുന്നു ?
   A) കോമൺസ്
   B) എസ്റ്റേറ്റ്
   C) ബൂർബൻ
   D) ബാസ്റ്റിൽ

4. ശീതസമരം എന്ന പേര് ആദ്യമായി ഉപയോഗിച്ചതാരായിരുന്നു ?
   A) വാൾട്ടർ ലിപ്മാൻ
   B) ക്വാമിഎൻക്രൂമ
   C) ബർണാഡ് ബറൂച്
   D) മാർഷൽ ടിറ്റോ

5. 2021-ലെ ടോക്യോ ഒളിമ്പിക്സിൽ ഇന്ത്യയിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ട ഏക അമ്പയറായ മലയാളിയാരാണ് ?
   A) ഫൈൻ സി ദത്തൻ
   B) പി. ആർ. ശ്രീജേഷ്
   C) സുരേഷ് ബാബു
   D) സാജൻ പ്രകാശ്

6. അന്തരീക്ഷ മർദ്ദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം.
   A) തെർമോമീറ്റർ
   B) ബാരോമീറ്റർ
   C) അനീമോ മീറ്റർ
   D) ഹൈഗ്രോമീറ്റർ

7. ഏത് സാങ്കൽപ്പിക രേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ എന്ന് അറിയപ്പെടുന്നത് ?
   A) 0°
   B) 45°
   C) 90°
   D) 180°

8. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.
   A) മൗണ്ട് K2
   B) നന്ദാദേവി
   C) ആനമുടി
   D) ആരവല്ലി

9. വടക്കേ അമേരിക്കയിലെ റോക്കി പർവത നിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്ന ഉഷ്ണകാറ്റ് ഏത് ?
   A) ലൂ
   B) ഹർമാറ്റൻ
   C) ചിനൂക്ക്
   D) ഫൊൻ

10. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസംസ്കൃത സിൽക്ക് ഉത്പാദിപ്പിക്കുന്ന സംസ്ഥാനം
   A) ഗുജറാത്ത്
   B) കർണ്ണാടക
   C) തമിഴ്നാട്
   D) മഹാരാഷ്ട്ര

11. ഗാട്ട് (GATT) കരാറിന് പകരമായി 1995-ൽ അന്താരാഷ്ട്രതലത്തിൽ രൂപീകരിക്കപ്പെട്ട സ്ഥാപനം താഴെ പറയുന്നവയിൽ ഏതാണ് ?

A) IMF B) ലോകബാങ്ക് C) WHO D) WTO

12. NSSO (നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ)യുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന ജേർണൽ/മാഗസിൻ ഏതാണ് ?

A) ജേർണൽ ഓഫ് മാനേജ്മെന്റ്

B) സർവ്വേക്ഷണ

C) ഇക്കണോമിക്സ് ആന്റ് പൊളിറ്റിക്കൽ വീക്കിലി

D) സൗത്ത് ഏഷ്യ ഇക്കണോമിക് ജേർണൽ

13. താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന ഏത് ?

1) ഒന്നാം പഞ്ചവത്സര പദ്ധതി – വൻകിട ജലസേചന പദ്ധതികൾ

2) രണ്ടാം പഞ്ചവത്സര പദ്ധതി – ഇരുമ്പുരുക്ക് വ്യവസായം പ്രവർത്തനം ആരംഭിച്ചു

3) മൂന്നാം പഞ്ചവത്സര പദ്ധതി – 14 ബാങ്കുകൾ ദേശസാൽക്കരിച്ചു

4) നാലാം പഞ്ചവത്സര പദ്ധതി – ദാരിദ്ര്യ നിർമ്മാർജ്ജനം

A) 1 & 2 B) 3 & 4 C) 3 മാത്രം D) 4 മാത്രം

14. പ്രസ്താവന : കേന്ദ്രബാങ്ക് (RBI) റിപ്പോ നിരക്ക് (Repo rate) 4% ൽ നിന്ന് 4.25% ആക്കി ഉയർത്തി.

മുകളിലെ പ്രസ്താവനയിൽ നിന്ന് അർത്ഥമാക്കുന്നത് എന്ത് ?

1) സമൂഹത്തിൽ പണത്തിന്റെ അളവ് കുറവാണ്

2) സമൂഹത്തിൽ പണത്തിന്റെ അളവ് കൂടുതലാണ്

3) വാണിജ്യബാങ്കുകൾ കൂടുതൽ ലോൺ പൊതുജനത്തിന് നൽകണം

4) വാണിജ്യബാങ്കുകൾ കൂടുതൽ ലോൺ പൊതുജനത്തിന് നൽകരുത്

A) 1 & 3 B) 2 & 3 C) 1 & 4 D) 2 & 4

15. ഇന്ത്യയിൽ 2020-21 വർഷത്തിൽ മഹാരത്ന കമ്പനിയായി ലിസ്റ്റ് ചെയ്യപ്പെടാത്ത സ്ഥാപനം താഴെ പറയുന്നതിൽ ഏതാണ് ?

A) BHEL B) ONGC C) VSNL D) NTPC

16. പുനരവലോകനം നടത്താനുള്ള ജുഡിഷ്യറിയുടെ അധികാരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ഭരണഘടന ഭേദഗതി ഏത് ?

A) 38-ാം ഭേദഗതി B) 39-ാം ഭേദഗതി

C) 42-ാം ഭേദഗതി D) 44-ാം ഭേദഗതി

17. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ തന്റെ നിയമപരമായ കർത്തവ്യം നിറവേറ്റാതിരിക്കുകയും അതുവഴി മറ്റേതെങ്കിലും വ്യക്തിയുടെ അവകാശങ്ങൾ ഹനിക്കുകയും ചെയ്യുമ്പോൾ കോടതി പുറപ്പെടുവിക്കുന്ന റിട്ടാണ്

A) പ്രൊഹിബിഷൻ
B) മാൻഡമസ്
C) ബിയസ് കോർപ്പസ്
D) സെർഷ്യോററി

18. 42-ാം ഭേദഗതി പ്രകാരം ഭരണഘടനയുടെ ആമുഖത്തിൽ ഉൾക്കൊള്ളിച്ച ആശയങ്ങൾ ഏതെല്ലാം ?

A) മതേതരം, ജനാധിപത്യം
B) മതേതരം, സോഷ്യലിസം
C) ജനാധിപത്യം, സോഷ്യലിസം
D) ജനാധിപത്യം, റിപ്പബ്ലിക്ക്

19. താഴെ പറയുന്നവയിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടാത്തവ ഏത് ?

1) തൊഴിൽ സംഘടനകൾ
2) വ്യാപാരവും വാണിജ്യവും
3) പോലീസ്, ജയിൽ
4) വിദ്യാഭ്യാസം

A) 1 & 4
B) 2 & 4
C) 2 & 3
D) 1 & 3

20. ഇപ്പോഴത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

A) എൻ. വി. രമണ
B) രഞ്ജൻ ഗോഗോയ്
C) S. A. ബോബ്ഡെ
D) ധനഞ്ജയ Y. ചന്ദ്രചൂഡ്

21. ഇന്ത്യൻ പാർലമെന്റിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പാസ്സാക്കിയത് ഏത് ഗവൺമെന്റാണ് ?

A) നരസിംഹ റാവു
B) മൻമോഹൻ സിംഗ്
C) നരേന്ദ്ര മോഡി
D) രാജീവ് ഗാന്ധി

22. കേരളത്തിലെ സാമൂഹ്യനീതി വകുപ്പ് മന്ത്രി.

A) ശ്രീ. പി. രാജീവ്
B) പ്രൊഫസർ ആർ. ബിന്ദു
C) ശ്രീമതി വീണാ ജോർജ്
D) ശ്രീമതി ജെ. ചിഞ്ചു റാണി

23. മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി പാർലമെന്റ് നിയമം പാസ്സാക്കിയത് എന്ന് ?

A) 2005
B) 2006
C) 2007
D) 2008

24. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപീകരിച്ചതെന്ന് ?

A) Dec. 11 – 1996
B) Dec. 6 – 1999
C) Dec. 11 – 1998
D) Dec. 6 – 1997

25. 'എന്റെ വഴിത്തിരിവ് ' ആരുടെ ആത്മകഥയാണ് ?

A) തകഴി ശിവശങ്കരപ്പിള്ള
B) പൊൻകുന്നം വർക്കി
C) വൈക്കം മുഹമ്മദ് ബഷീർ
D) എം. ഗോവിന്ദൻ

26. ഞെരളത്ത് രാമപ്പൊതുവാൾ ഏത് സംഗീതവുമായി ബന്ധപ്പെട്ടാണ് പ്രശസ്തനായിത്തീർന്നത് ?

A) ശാസ്ത്രീയ സംഗീതം
B) സോപാന സംഗീതം
C) കഥകളി സംഗീതം
D) ഹിന്ദുസ്ഥാനി സംഗീതം

27. താഴെ പറയുന്ന സ്ഥല നാമങ്ങളിൽ ഏതാണ് പടയണി എന്ന കലാരൂപവുമായി ബന്ധപ്പെട്ട് പ്രസിദ്ധമായത് ?

A) ലോകനാർ കാവ്
B) പറശ്ശിനിക്കടവ്
C) കടമ്മനിട്ട
D) മലമക്കാവ്

28. അർജ്ജുന അവാർഡ് നേടിയ ടി. വി. പോളി ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ബാഡ്മിന്റൺ
B) പർവ്വതാരോഹണം
C) അത്‌ലറ്റിക്സ്
D) ബോഡി ബിൽഡിംഗ്

29. 2020-ലെ തകഴി സാഹിത്യ പുരസ്കാരം ലഭിച്ചത് ആർക്ക് ?

A) ശ്രീകുമാരൻ തമ്പി
B) ടി. പത്മനാഭൻ
C) എം. കെ. സാനു
D) വി. ജെ. ജെയിംസ്

30. 'നാറാപിള്ള' എന്ന കഥാപാത്രം ഏത് നോവലിലേതാണ് ?

A) തക്ഷൻകുന്ന് സ്വരൂപം
B) ബുധിനി
C) മനുഷ്യന് ഒരു ആമുഖം
D) ദൈവത്തിന്റെ പുസ്തകം

31. താഴെപ്പറയുന്നവയിൽ കാർബൺ കോപ്പികൾ നിർമ്മിക്കാൻ കഴിയുന്ന ഒരു ഇംപാക്റ്റ് പ്രിന്റർ ഏതാണ് ?

A) ഡോട്ട് മാട്രിക്സ് പ്രിന്റർ
B) ഇങ്ക്ജറ്റ് പ്രിന്റർ
C) ലേസർ പ്രിന്റർ
D) തെർമൽ പ്രിന്റർ

32. നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ നിന്ന് പ്രശസ്തമായ ഒരു മൈക്രോബ്ലോഗിംഗ് സൈറ്റ് തിരിച്ചറിയുക.

A) ഫേസ് ബുക്ക്
B) ഫ്ലിക്കർ
C) യൂട്യൂബ്
D) ട്വിറ്റർ

33. ഒരു വെബ്സെർവറിൽ സൂക്ഷിച്ചിരിക്കുന്ന വെബ്സൈറ്റിന്റെ സേവനം അതിന്റെ യഥാർത്ഥ ഉപയോക്താക്കളെ ഉപയോഗിക്കുന്നതിൽ നിന്ന് തടയുന്ന സൈബർ ആക്രമണത്തിന്റെ പേര് എന്താണ് ?

A) ഫിഷിംഗ്
B) ഡിനയൽ ഓഫ് സർവീസ്
C) സ്പാമിങ്ങ്
D) ഹാക്കിംഗ്

34. പുതിയ IT Rules – 2021-നെ സംബന്ധിച്ച് ഇനിപ്പറയുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടുപിടിക്കുക.

i) IT Rules – 2021-ന്റെ ലക്ഷ്യം സോഷ്യൽ മീഡിയയുടെയും OTT പ്ലാറ്റ് ഫോമുകളുടെയും സാധാരണ ഉപയോക്താക്കളെ ശാക്തീകരിക്കുക എന്നതാണ്.

ii) IT Rules – 2021-ന്റെ ഒരു പ്രധാന സവിശേഷതയാണ് രണ്ട് തലത്തിലുള്ള പരാതി പരിഹാര സംവിധാനം.

iii) IT Rules – 2021 അവതരിപ്പിച്ചത് കേന്ദ്ര സർക്കാരിനു കീഴിലുള്ള ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയമാണ്.

A) (ii) മാത്രം ശരിയാണ്
B) (i & ii) മാത്രം ശരിയാണ്
C) (i & iii) മാത്രം ശരിയാണ്
D) എല്ലാം (i, ii, iii) ശരിയാണ്

35. കേരള മനുഷ്യാവകാശ കമ്മീഷന്റെ ആദ്യത്തെ അധ്യക്ഷപദം അലങ്കരിച്ച വ്യക്തി

A) ജസ്റ്റിസ് M.M. പരീത് പിള്ള
B) ജസ്റ്റിസ് ആന്റണി ഡൊമിനിക്ക്
C) ജസ്റ്റിസ് അരുൺ കുമാർ മിശ്ര
D) ജസ്റ്റിസ് ഫാത്തിമ ബീവി

36. വിവരാവകാശ നിയമപ്രകാരം ഒരു വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള അപേക്ഷയിൽ മറുപടി നൽകാനുള്ള ഏറ്റവും കൂടിയ സമയ പരിധി.

A) 24 മണിക്കൂർ
B) 36 മണിക്കൂർ
C) 48 മണിക്കൂർ
D) 12 മണിക്കൂർ

37. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്

A) കൊൽക്കത്ത
B) ന്യൂഡെൽഹി
C) ബാംഗ്ലൂർ
D) മുംബൈ

38. സ്ത്രീധനം കൊടുക്കുന്നതിനായി മാധ്യമ പരസ്യം നൽകുന്നത് ശിക്ഷാർഹമാവുന്നത് ഏത് നിയമപ്രകാരമാണ് ?

A) ഇന്ത്യൻ ശിക്ഷാനിയമം
B) സ്ത്രീധന നിരോധന നിയമം
C) ഗാർഹിക പീഡന നിരോധന നിയമം
D) ഹിന്ദു വിവാഹ നിയമം

39. സ്വതന്ത്ര ഇന്ത്യയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായി പഠിച്ച ആദ്യത്തെ വിദ്യാഭ്യാസ കമ്മീഷൻ ആണ്

A) കോത്താരി കമ്മീഷൻ

B) ആചാര്യ രാമമൂർത്തി കമ്മീഷൻ

C) യശ്പാൽ കമ്മിറ്റി

D) സർവകലാശാല വിദ്യാഭ്യാസ കമ്മീഷൻ

40. മാനസികാപഗ്രഥന സിദ്ധാന്തം ആവിഷ്കരിച്ചത്

A) പാവ്ലോവ്
B) ബ്രൂണർ
C) സിഗ്മണ്ട് ഫ്രോയ്ഡ്
D) വാട്സ്സൺ

41. ഡെങ്കിപ്പനി പരത്തുന്ന കൊതുകിന്റെ ശാസ്ത്രനാമം

A) ഈഡിസ് ഈജിപ്റ്റി
B) ക്യൂലക്സ് ടാർസാലിസ്
C) അനോഫിലിസ് ഫ്രീ ബോർണി
D) ടൈഗർ മോസ്ക്വിറ്റൊ

42. ''ഫ്രെയിംസ് ഓഫ് മൈൻഡ് ''എന്ന പുസ്തകത്തിലൂടെ ബഹുമുഖബുദ്ധിയെ കുറിച്ച് അവതരിപ്പിച്ചത്.

A) ഹവാർഡ് ഗാർഡ്നർ
B) ചാൾസ് സ്പിയർമാൻ
C) താഴ്സ്റ്റൺ
D) സ്റ്റേൺബർഗ്

43. പഠനബോധന പ്രക്രിയയെക്കുറിച്ച് പ്രതിപാദിക്കുന്ന മനഃശാസ്ത്ര ശാഖ

A) സാമാന്യമനഃശാസ്ത്രം
B) വിദ്യാഭ്യാസമനഃശാസ്ത്രം
C) സാമൂഹ്യമനഃശാസ്ത്രം
D) കായികമനഃശാസ്ത്രം

44. ലോകമാനസികാരോഗ്യദിനം

A) ഒക്ടോബർ 10
B) സെപ്റ്റംബർ 10
C) നവംബർ 10
D) ഡിസംബർ 10

45. ജീവകം സി യുടെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗം.

A) സ്കർവി
B) നിശാന്തത
C) മഞ്ഞപ്പിത്തം
D) ഗോയിറ്റർ

46. യാഥാർത്ഥ്യബോധത്തെ കുറിക്കുന്നത്

A) ഇദ്ദ് (Id)
B) ഈഗോ (Ego)
C) സൂപ്പർ ഈഗോ (Super Ego)
D) ഇവയൊന്നുമല്ല

47. സമസംഘങ്ങൾ സ്വാധീനം ചെലുത്തുന്ന പ്രായഘട്ടം

A) ശൈശവം
B) ബാല്യം
C) കൗമാരം
D) യൗവനം

48. കുട്ടികളിലെ വായനാവൈകല്യം

A) ഡിസ്ലെക്സിയ
B) ഡിസ്ഗ്രഫിയ
C) ഡിസ്കാൽകുലിയ
D) ഓട്ടിസം

49. പ്രീസ്കൂൾ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത്

A) വായനാ ശേഷിവികാസം
B) ലേഖന ശേഷിവികാസം
C) പഠന ശേഷിവികാസം
D) സൂക്ഷ്മ പേശിവികാസം

50. വികസനാരംഭം ഒരു ശിശുവിൽ തുടങ്ങുന്നത്

A) ഗർഭാവസ്ഥയിൽ
B) ബാല്യ അവസ്ഥയിൽ
C) ശൈശവാവസ്ഥയിൽ
D) കൗമാര അവസ്ഥയിൽ

51. പ്രീസ്കൂളിന് ഇണങ്ങുന്ന മൂല്യനിർണയ ഉപാധി

A) ചോദ്യങ്ങൾ ചോദിക്കുന്നത്
B) വായിപ്പിക്കൽ
C) എഴുതിപ്പിക്കൽ
D) നിരീക്ഷിക്കൽ

52. ZPD എന്ന ആശയം വികസിപ്പിച്ച മനഃശാസ്ത്രജ്ഞൻ

A) ബ്രൂണർ
B) വൈഗോഡ്സ്കി
C) പിയാഷെ
D) പാവ്ലോവ്

53. പ്രീസ്ക്കൂൾ തലത്തിലെ ശിശുക്കളുടെ പൊതുപ്രകൃതത്തിൽ ഉൾപ്പെടാത്തത്

A) അനുകരണ വാസന
B) ശ്രദ്ധാദൈർഘ്യക്കുറവ്
C) ഒരു വികാരത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള പെട്ടെന്നുള്ള മാറ്റം
D) സമപ്രായക്കാരുമായി കൂട്ടുകൂടുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള താല്പര്യക്കുറവ്

54. 3 വയസ്സ് മുതൽ 4 വയസ്സ് വരെ പ്രായത്തിലുള്ള കുട്ടികളുടെ സ്ഥൂലപേശീ വികാസത്തിനായി നൽകാവുന്ന പ്രവർത്തനങ്ങൾ

A) ചിത്രങ്ങളിൽ ക്രയോൺ നിറം നൽകൽ
B) വരയിൽ നടക്കൽ
C) കളിമണ്ണ്, മൈദാമാവ് എന്നിവ കൊണ്ട് കളിക്കൽ
D) വലിയ മുത്തുകൾ പെറുക്കിയെടുക്കൽ

55. ഗ്രാമപ്രദേശങ്ങളിൽ പ്രീസ്ക്കൂളുകൾ ആരംഭിക്കാൻ ആവശ്യമായ കുറഞ്ഞ സ്ഥലം

A) 30 സെന്റ്
B) 20 സെന്റ്
C) 40 സെന്റ്
D) 60 സെന്റ്

56. സമ്പർക്കത്തിലൂടെ പകരുന്ന ഒരു രോഗമാണ്

A) എയ്ഡ്സ് B) കോവിഡ് 19 C) കോളറ D) എലിപ്പനി

57. പ്രകൃത്യാനുസരണമായ രീതിയിൽ വിദ്യാഭ്യാസത്തിന്റെ ദോഷവശങ്ങളെ എങ്ങനെ ദൂരീകരിക്കാൻ കഴിയും എന്ന് റൂസോ അദ്ദേഹത്തിന്റെ ________ എന്ന കൃതിയിൽ വ്യക്തമാക്കുന്നു.

A) എമിലി B) ദി നേച്ചർ

C) ദി ചൈൽഡ് D) എഡ്യൂക്കേഷൻ

58. I C D S പ്രോഗ്രാം ആരംഭിച്ച വർഷം

A) 1975 B) 1986 C) 1980 D) 1990

59. കഥ പറയൽ, പാട്ട്, വായന എന്നീ പ്രവർത്തനങ്ങളിലൂടെ ഏതുതരം ബുദ്ധി വളർച്ചയാണ് സാധ്യമാകുന്നത് ?

A) ഭാഷാപരമായ ബുദ്ധി B) ശാരീരിക ചലനപരമായ ബുദ്ധി

C) ദൃശ്യസ്ഥലപരമായ ബുദ്ധി D) യുക്തിചിന്താപരമായ ബുദ്ധി

60. പ്രായപൂർത്തിയായ ഒരു മനുഷ്യന് എത്ര അസ്ഥികൾ ഉണ്ട് ?

A) 206 B) 216 C) 236 D) 246

61. പ്രയോഗവാദ ചിന്തകൾക്ക് ജന്മം നൽകിയതാര് ?

A) ജോൺ ഡ്യൂയി B) റൂസോ

C) ഗാന്ധിജി D) വിവേകാനന്ദൻ

62. വായുവിലൂടെ പകരുന്ന ഒരു രോഗമാണ്

A) കോളറ B) എലിപ്പനി C) സാർസ് D) എയ്ഡ്സ്

63. വെള്ളത്തിൽ വീണ ഒരാളെ രക്ഷിക്കുമ്പോൾ നൽകാവുന്ന പ്രഥമശുശ്രൂഷയാണ്

A) കൃത്രിമ ശ്വാസം കൊടുക്കുക

B) ശാന്തമായ ഒരിടത്ത് വിശ്രമിക്കാൻ അനുവദിക്കുക

C) ഉടനടി ആശുപത്രിയിൽ എത്തിക്കുക

D) ഗ്ലൂക്കോസ് നൽകുക

64. ഒരാളുടെ മനസ്സിലുള്ള കാര്യങ്ങൾ അയാൾ തന്നെ നിരീക്ഷണം നടത്തി രേഖപ്പെടുത്തുന്ന രീതിയാണ്

A) അന്തർനിരീക്ഷണം B) മാനസികാപഗ്രഥനം

C) സർവ്വേരീതി D) പരീക്ഷണരീതി

65. കണ്ണുനീർ ഉല്പാദനം കുറഞ്ഞ് കണ്ണ് വരണ്ടു വരുന്ന അവസ്ഥയാണ് സിറോഫ്താൽമിയ. ഈ അവസ്ഥയ്ക്ക് കാരണം ഏത് വിറ്റാമിന്റെ അപര്യാപ്തതയാണ് ?

A) വിറ്റാമിൻ എ
B) വിറ്റാമിൻ ബി
C) വിറ്റാമിൻ സി
D) വിറ്റാമിൻ ഇ

66. ഒരു ജീവിതശൈലി രോഗമാണ്

A) ക്യാൻസർ
B) ക്ഷയം
C) കോവിഡ് -19
D) ന്യൂമോണിയ

67. കണ്ടെത്തൽ പഠനത്തിന്റെ വക്താവ് ________ ആണ്.

A) ജെറോം എസ്. ബ്രൂണർ
B) പിയാഷേ
C) ബെഞ്ചമിൻ ബ്ലൂം
D) ടോൾമാൻ

68. മനസ്സിനെ കുറിച്ചുള്ള ശാസ്ത്രീയ പഠനത്തിന് അതിന്റെ ഘടകങ്ങളെക്കുറിച്ച് അറിയേണ്ടതാണ് എന്ന സിദ്ധാന്തമാണ്

A) ധർമ്മവാദം
B) ഘടനാവാദം
C) വ്യവഹാര വാദം
D) മാനവികതാവാദം

69. പുതിയ സംഭവങ്ങൾ, പഠിതാക്കളുടെ സ്വഭാവഗുണങ്ങൾ, സഹപാഠികളോടുള്ള ബന്ധം, സാമൂഹികമായ പെരുമാറ്റം എന്നിവ രേഖപ്പെടുത്തുന്നത് ________ ലാണ്.

A) ഉപാഖ്യാന രേഖ
B) സഞ്ചിത രേഖ
C) അഡ്മിഷൻ രജിസ്റ്റർ
D) നിരീക്ഷണ പട്ടിക

70. താഴെപ്പറയുന്നവയിൽ അനുയോജ്യമല്ലാത്തത് ഏത് ?

A) വികസനം ജീവിയുടെ സമഗ്രമാറ്റത്തെ ഉൾക്കൊള്ളുന്നു
B) വികസനം ജനനം മുതൽ മരണം വരെ അനുസ്യൂതം നടക്കുന്നു
C) വികസനം പരിപക്വനത്തെയും പഠനത്തെയും ആശ്രയിച്ചിരിക്കുന്നു
D) വികസനം പരിപക്വനത്തെയും പഠനത്തെയും ആശ്രയിച്ചിരിക്കുന്നില്ല

71. ആൽബർട്ട് ബന്ദുര താഴെപ്പറയുന്നവയിൽ ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) സാമൂഹികവികാസം
B) ഭാഷാവികാസം
C) ചാലകവികാസം
D) നൈതിക വികാസം

72. ''കളിപ്രായം'' എന്ന് എറിക്സൺ വിളിച്ച പ്രതിസന്ധിഘട്ടം ഏതു പ്രായം മുതൽ ഏതു പ്രായം വരെയാണ് ?

A) 3½ മുതൽ 6 വരെ
B) 6 മുതൽ 12 വരെ
C) 1½ മുതൽ 3½ വരെ
D) 0 മുതൽ 1½ വരെ

73. 'പ്രത്യാവർത്തന ചിന്ത' പിയാഷെയുടെ അഭിപ്രായത്തിൽ ഏതു ഘട്ടത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത് ?

A) ഇന്ദ്രിയ ചാലക ഘട്ടം
B) പ്രാഗ്മനോവ്യാപാരം ഘട്ടം
C) മൂർത്തമനോവ്യാപാരം ഘട്ടം
D) ഔപചാരിക മനോവ്യാപാരം ഘട്ടം

74. വൈകാരികബുദ്ധിയുടെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത് ?

A) മറ്റുള്ളവരെ മനസ്സിലാക്കാനുള്ള കഴിവ്
B) തീരുമാനമെടുക്കാനുള്ള കഴിവ്
C) വ്യക്തിബന്ധങ്ങളെ വിലമതിക്കൽ
D) ഏകാന്തതയും അന്തർമുഖത്വവും

75. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട ദേശീയതല ഏജൻസിയാണ്

A) NCERT
B) CIET
C) SCERT
D) NCTE

76. കുട്ടികൾക്കുള്ള പ്രതിരോധകുത്തിവെയ്പ്പായ DPT ഏത് രോഗങ്ങളെ പ്രതിരോധിക്കാനാണ് എടുക്കുന്നത് ?

A) ഡിഫ്തീരിയ, പെർട്ടുസിസ്, തൈറോയ്ഡ്
B) ഡിഫ്തീരിയ, പെല്ലാഗ്ര, ടെറ്റനസ്
C) ഡിഫ്തീരിയ, പെർട്ടുസിസ്, ടെറ്റനസ്
D) ഡയേറിയ, പെർട്ടുസിസ്, ടെറ്റനസ്

77. സമായോജനതന്ത്രങ്ങളുമായി യോജിക്കാത്തത് ഏത് ?

A) അസുഖകരമായ ചോദകങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഏറ്റവും സരളമായ ഉപായം
B) അസുഖകരമായ അനുഭവങ്ങളെ ഓർമ്മയിൽ നിന്ന് എടുത്ത് മാറ്റുന്ന പ്രക്രിയ
C) മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനുള്ള ഉപായം
D) സ്വന്തം വ്യക്തിത്വസവിശേഷതകൾ വിവരിക്കുന്ന പ്രക്രിയ

78. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ജീവകം ഏത് ?

A) ജീവകം എ
B) ജീവകം ഡി
C) ജീവകം കെ
D) ജീവകം ഇ

79. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന 29 വിഷയങ്ങൾ ഭരണഘടന യുടെ ഏത് പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ?

A) 3
B) 12
C) 11
D) മറ്റേതെങ്കിലും

80. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി, ദുർഭരണം തുടങ്ങിയ കാര്യങ്ങളിൽ പരാതി നല്കാനുള്ള സ്ഥാപനം.

A) ട്രൈബ്യൂണൽ
B) ഓംബുഡ്സ്മാൻ
C) ലോക്കൽ കമ്മിറ്റി
D) സ്റ്റേറ്റ് ഓഡിറ്റ്

81. തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകളിൽ നടക്കുന്ന ഗ്രാമസഭകളുടെ അധ്യക്ഷൻ ആരായിരിക്കണം ?

A) പ്രസിഡണ്ട്
B) വാർഡ് മെമ്പർ
C) വൈസ് പ്രസിഡണ്ട്
D) അതാത് വാർഡ് പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

82. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഘടനയിൽ ഏറ്റവും അടിസ്ഥാന യൂണിറ്റ് ഏത് ?

A) NHG
B) SHG
C) CDS
D) ADS

83. ഹരിതകേരള മിഷൻ ഊന്നൽ നൽകുന്ന മേഖലകൾ ഏതെല്ലാം ?

i) ശുചിത്വ മാലിന്യ സംസ്ക്കരണം
ii) ആരോഗ്യ സംരക്ഷണം
iii) ജൈവകൃഷി വികസനം
iv) പൊതു ഇടങ്ങളിൽ ശൗചാലയ നിർമ്മാണം

A) (i) & (iii)
B) (i) & (ii)
C) (i) & (iv)
D) (iii) മാത്രം

84. ഗ്രാമസഭാ യോഗം ചേരേണ്ട കാലയളവ്

A) 6 മാസം
B) 3 മാസം
C) മാസത്തിലൊരിക്കൽ
D) 4 മാസം

85. ഗ്രാമപഞ്ചായത്തുകൾ ഭരണഘടനാസ്ഥാപനങ്ങളായി മാറിയത് ഏത് ഭരണഘടനാ ഭേദഗതിയോടെയാണ് ?

A) 73
B) 74
C) 65
D) 93

86. ഏത് പഞ്ചവത്സരപദ്ധതിക്കാലത്താണ് കേരളത്തിൽ ജനകീയാസൂത്രണം ആരംഭിച്ചത് ?

A) ഒൻപതാം പദ്ധതി
B) പതിനൊന്നാം പദ്ധതി
C) ഏഴാം പദ്ധതി
D) പതിമൂന്നാം പദ്ധതി

87. ഗ്രാമഭരണത്തിലും വികസന പ്രവർത്തനങ്ങളിലും ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്ന വേദി

A) അയൽക്കൂട്ടം
B) വർക്കിംഗ് ഗ്രൂപ്പ്
C) വാർഡ് സമിതി
D) ഗ്രാമസഭ

88. ''പഞ്ചായത്തുകൾ ഭരണത്തിന്റേയും വികസനത്തിന്റേയും അടിസ്ഥാന ഘടകമാണ്'' എന്ന് പറഞ്ഞത്

A) സച്ചാർ കമ്മിറ്റി
B) ഇ. എം. എസ്. ഭരണപരിഷ്കാര കമ്മിറ്റി
C) സെൻ കമ്മിറ്റി
D) അശോക് മേത്ത കമ്മിറ്റി

89. വയോജനങ്ങളുടെ ക്ഷേമത്തിനും, പാലിയേറ്റീവ് കെയറിനുമായി തദ്ദേശ സ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ട പദ്ധതി വിഹിതം എത്ര ശതമാനമാണ് ?

A) 10%
B) 5%
C) 15%
D) 20%

90. ''എല്ലാവർക്കും സുരക്ഷിതമായ ഭവനം'' എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഏത് ?

A) പ്രധാനമന്ത്രി ആവാസ് യോജന
B) ഇന്ദിരാ ആവാസ് യോജന
C) ലൈഫ് മിഷൻ
D) ഇ. എം. എസ്. ഭവനപദ്ധതി

91. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക ഭരണം കാര്യക്ഷമമാക്കുന്നതിന് ഉത്തരവാദപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ഏത് ?

A) ആരോഗ്യവും വിദ്യാഭ്യാസവും
B) ധനകാര്യം
C) വികസനം
D) ക്ഷേമകാര്യം

92. രോഗീ സൗഹാർദ്ദപരമായ ഒരു സമീപനം സർക്കാർ ആശുപത്രി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് രൂപം കൊണ്ട മിഷൻ ഏത് ?

A) ആർദ്രം മിഷൻ
B) കുടുംബശ്രീ മിഷൻ
C) ഐ. ടി. മിഷൻ
D) നാഷണൽ ഹെൽത്ത് മിഷൻ

93. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ പെടാത്തത് ഏത് ?

A) സുതാര്യത
B) നഷ്ടോത്തരവാദിത്വം
C) പരമാധികാരം
D) ജനപങ്കാളിത്തം

94. 73, 74 ഭരണഘടനാ ഭേദഗതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര ശതമാനം സ്ത്രീസംവരണം നടപ്പിലാക്കപ്പെട്ടു ?

A) 50% B) 33.3% C) 22% D) 40%

95. പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങൾ പരിശോധിയ്ക്കുന്നതിനും അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുമായി 1996-ൽ രൂപീകരിയ്ക്കപ്പെട്ട സമിതി ഏത് ?

A) അശോക് മേത്ത കമ്മിറ്റി
B) സെൻ കമ്മിറ്റി
C) ബൽവന്ത്റായ് മേത്ത കമ്മിറ്റി
D) സിംഗ്‌വി കമ്മിറ്റി

96. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെ കൂടി അതിജീവിയ്ക്കാനാകുന്ന വിധം കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ട കാമ്പയിന്റെ പേര്

A) നോട്ട് മീ ബട്ട് യൂ
B) നമ്മൾ നമുക്കായി
C) ക്രഷ് ദി കർവ്
D) എന്റെ നഗരം സുന്ദര നഗരം

97. ലൈംഗിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെയും കുട്ടികളെയും സംരക്ഷിയ്ക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ നിലവിലുള്ള സമിതി ഏത് ?

A) വാർഡ് വികസന സമിതി
B) ജാഗ്രതാ സമിതി
C) സുരക്ഷാ സമിതി
D) പോഷക സമിതി

98. താഴെ പറയുന്നവയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേനയല്ലാതെ വിതരണം ചെയ്യുന്ന പെൻഷൻ ഏത് ?

A) വിധവാ പെൻഷൻ
B) കർഷക പെൻഷൻ
C) കർഷക തൊഴിലാളി പെൻഷൻ
D) ഇതൊന്നുമല്ല

99. സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ ആര് ?

A) എം. സി. ജോസഫൈൻ
B) അഡ്വ. പി. സതീദേവി
C) പ്രൊഫ. ടി. എൻ. സീമ
D) അഡ്വ. ഗീതാകുമാരി

100. കോവിഡ് – 19 പ്രതിരോധ വാക്സിൻ ആയ കൊവീഷീൽഡ് ഉല്പാദിപ്പിച്ചത് ആര് ?

A) ഭാരത് ബയോടെക്
B) സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ
C) ബയോ കോൺ
D) പൂന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

## Space for Rough Work